2026
JUNE
27
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ജൂലൈ ഒന്നുമുതൽ പാസ്പോർട്ടിന് ചെലവേറും

**ന്യൂഡൽഹി:** കേന്ദ്ര സർക്കാർ പാസ്പോർട്ട്, യാത്ര രേഖ സേവനങ്ങൾക്കുള്ള നിരക്കുകൾ പുതുക്കി നിശ്ചയിച്ചു. പുതിയ നിരക്കുകൾ ജൂലൈ ഒന്നിനു പ്രാബല്യത്തിൽ വരും. വിദേശ മന്ത്രാലയം വിജ്ഞാപനം ചെയ്ത പാസ്പോർട്ട് (ഭേദഗതി) ചട്ടങ്ങൾ 2026 പ്രകാരമാണ് നിരക്കുകൾ ഉയർത്തിയത്.

പുതിയ നിരക്കുകൾ പ്രകാരം, 18 വയസും അതിൽ കൂടുതലുമുള്ള അപേക്ഷകർക്ക് പുതിയ പാസ്പോർട്ടിനോ അല്ലെങ്കിൽ 36 പേജുള്ള പാസ്പോർട്ട് പുതുക്കുന്നതിനോ നോർമൽ കാറ്റഗറിയിൽ 2,500 രൂപ ചെലവ് വരും. നിലവിലിത് 1,500 രൂപയായിരുന്നു. ഇതിനായുള്ള തത്കാൽ നിരക്ക് (നോർമൽ ഫീസ് ഉൾപ്പെടെ) 5,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. 60 പേജുള്ള പാസ്പോർട്ടിന്റെ ഫീസ് 2,000 രൂപയിൽ നിന്ന് 3,500 രൂപയായി വർധിപ്പിച്ചു. ഇതിന്റെ തത്കാൽ നിരക്ക് 6,000 രൂപയാണ്.

പാസ്പോർട്ടുകൾ നഷ്ടപ്പെടുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്താൽ ഡ്യൂപ്ലിക്കേറ്റ് പാസ്പോർട്ടിന് അപേക്ഷകർ ഉയർന്ന ഫീസ് നല്കേണ്ടിവരും. 36 പേജുള്ള ഡ്യൂപ്ലിക്കേറ്റ് പാസ്പോർട്ടിന്റെ ഫീസ് നോർമൽ കാറ്റഗറിയിൽ 5,000 രൂപയായും തത്കാൽ വിഭാഗത്തിൽ 7,500 രൂപയായും പുതുക്കി. 60 പേജുള്ള ഡ്യൂപ്ലിക്കേറ്റ് പാസ്പോർട്ടിന് നോർമൽ വിഭാഗത്തിൽ 6,000 ആയും തത്കാലിൽ 8,500 രൂപയായും പുതുക്കി.



18 വയസിൽ താഴെയുള്ള അപേക്ഷകർക്ക് പുതിയതോ പുതുക്കി നൽകുന്നതോ ആയ 36 പേജുള്ള പാസ്പോർട്ടിന് 1,750 രൂപ ചെലവ് വരും. നിലവിൽ 1,000 രൂപയാണ്. തത്കാൽ ഫീസ് 4,250 ആയി നിശ്ചയിച്ചു. മൈനറുകളുടെ നഷ്ടപ്പെടുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്ത 36 പേജുള്ള പാസ്പോർട്ടിനു പകരം നല്കുന്ന ഡ്യൂപ്ലിക്കേറ്റിന് നോർമൽ വിഭാഗത്തിൽ 4250 രൂപയും തത്കാലിന് 6750 രൂപയുമാണ് നിരക്ക്.

പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് (പിസിസി), സറണ്ടർ സർട്ടിഫിക്കറ്റ്, ഗ്ലോബൽ എൻട്രി പ്രോഗ്രാം വെരിഫിക്കേഷൻ, മറ്റ് സർട്ടിഫിക്കറ്റുകൾ എന്നിവയുൾപ്പെടെയുള്ള വിവിധ അനുബന്ധ പാസ്പോർട്ട് സേവനങ്ങൾക്കുള്ള ഫീസ് ഇന്ത്യക്കകത്ത് 750 ആയി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ, സർട്ടിഫിക്കറ്റ് ഓഫ് ഐഡൻറിറ്റിക്ക് 1,000 രൂപ ചെലവു വരും.

വിദേശത്ത് നൽകുന്ന സേവനങ്ങൾക്ക്, എമർജൻസി സർട്ടിഫിക്കറ്റുകൾക്ക് 15 യുഎസ് ഡോളറും സർട്ടിഫിക്കറ്റ് ഓഫ് ഐഡൻറിറ്റിക്ക് 50 യുഎസ് ഡോളറും ആയിരിക്കും നിരക്ക്. ഈ സേവനങ്ങൾക്ക് തത്കാൽ സൗകര്യം ലഭ്യമാകില്ലെന്ന് വിജ്ഞാപനത്തിൽ വ്യക്തമാക്കുന്നു.

പുതുക്കിയ നിയമങ്ങൾ പ്രകാരം മുതിർന്ന അപേക്ഷകർക്കു നൽകുന്ന പാസ്പോർട്ടുകളുടെ കാലാവധി 10 വർഷം വരെയായി തന്നെ തുടരും. പ്രായപൂർത്തിയാകാത്തവർക്ക് നല്കുന്ന കാലാവധി അഞ്ചു വർഷത്തേക്കോ അല്ലെങ്കിൽ അത് കൈവശം വയ്ക്കുന്നയാൾക്ക് 18 വയസ് തികയുന്നത് വരെയോ ആയിരിക്കും.



## മണപ്പുറം ബിസിനെസ്സ് അച്ചീവർ അവാർഡ് ഡോ.യോഗേഷ് ലഖാനിക്ക്

**കൊച്ചി:** ഇരുപത്തൊന്നാമത് മണപ്പുറം മൾട്ടി ബില്ല്യനയർ ബിസിനസ് അച്ചീവർ അവാർഡ് ഡോ.യോഗേഷ് ലഖാനിക്ക്. ബ്രേയ്റ്റ് ഔട്ട് ഡോർ മീഡിയ ലിമിറ്റഡ് ചെയർമാനും എംഡിയുമാണ് ഡോ. യോഗേഷ് ലഖാനി. ഗോകുലം പാർക്ക് ഹോട്ടൽ ആന്റ് കൺവെൻഷൻ സെന്ററിൽ മണപ്പുറം ഫിനാൻസ് ചെയർമാനും എംഡി യുമായ ഡോക്ടർ വി പി നന്ദകുമാർ അവാർഡ് സമ്മാനിച്ചു.

ശ്രീ ഗോകുലം ഗ്രൂപ്പ് ചെയർമാനും എംഡിയുമായ ഗോകുലം ഗോപാലൻ, സിന്തയ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എക്സിക്യൂട്ടീവ് ചെയർമാനും പതിനൊന്നാമത് എം ബി എ അവാർഡ് ജേതാവുമായ ഡോ.വിജു ജേക്കബ്, പെഗാസസ് ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡ് സ്ഥാപകനും എം ബി എ അവാർഡ് സ്ഥാപകനുമായ ഡോ.അജിത് രവി എന്നിവർ സന്നിഹിതരായിരുന്നു.

മുംബൈയിലെ ഒരു ഒറ്റമുറി അപാർട്മെന്റിൽ നിന്ന് ഇന്ത്യയിലെ ഏറ്റവും പ്രമുഖ ഔട്ട്ഡോർ പരസ്യക്കമ്പനി ഉടമ എന്ന പദവിയിലേക്കുള്ള വളർച്ചയാണ് യോഗേഷ് ലഖാനി എന്ന പ്രതിഭയെ ലോകമറിയുന്ന സംരംഭകനാക്കിയത്.

ഈ നേട്ടത്തോടെ ലോകത്തിലെ ഏറ്റവും പ്രമുഖ ബിസിനസ് ഫോറങ്ങളിൽ ഒന്നായ ഫെഡറൽ ഇന്റർ നാഷണൽ ചേമ്പർ ഫോറത്തിന്റെ ഭാഗമായിരിക്കയാണ് ഡോക്ടർ ലഖാനി. കുറഞ്ഞത് 1000 കോടി രൂപയുടെ ആസ്തിയുള്ള ബിസിനസ് ലീഡർമാരാണ് എകഇഎ അംഗത്വത്തിനു പരിഗണിക്കപ്പെടുന്നത്.

നേരത്തേ ഡോക്ടർ വി പി നന്ദകുമാർ, എം എ യൂസഫ് അലി, ടി എസ് കല്യാണ രാമൻ, പി എൻ സി മേനോൻ, ഗോകുലം ഗോപാലൻ, രവി പിള്ള, എം പി രാമ ചന്ദ്രൻ, കൊചൗസേപ് ചിറ്റിലപ്പള്ളി, സാബു എം ജേക്കബ്, ഡോക്ടർ വിജു ജേക്കബ്, ഡോക്ടർ എ വി അനൂപ്, ഡോക്ടർ വർഗീസ് കുര്യൻ, അഡ്വ. പി കൃഷ്ണ ദാസ്, ഡോക്ടർ ഹഫീസ് റഹ്മാൻ പടിയത്ത്, സൗന്ദരരാജൻ ബംഗാരു സ്വാമി, വി ആർ മുത്തു, വി സി പ്രവീൺ, ഡോക്ടർ അരുൺ എൻ പളനി സ്വാമി, സി കെ കുമാരവേൽ, ടി കെ ചന്ദിരൻ, സർ സോഹൻ റോയ് എസ് കെ, ഡോക്ടർ വിജയ് സംഖ്യേശ്വർ, ഡോക്ടർ സിദ്ധിഖ് അഹ്മദ് എന്നിവർക്കാണ് നേരത്തെ എം ബി എ അവാർഡ് ലഭിച്ചിട്ടുള്ളത്.

# റാമഗെഡ്ഡൻ പ്രതിസന്ധി; ആപ്പിൾ ഉത്പന്നങ്ങൾക്ക് വില വർധിപ്പിച്ചു

**ന്യൂയോർക്ക്:** ആഗോളതലത്തിൽ മെമ്മറി, സ്റ്റോറേജ് ചിപ്പുകൾക്ക് നേരിടുന്ന കടുത്ത ക്ഷാമം കാരണം ഉത്പാദനചെലവ് വർധിക്കുന്നതിനാൽ ഐപാഡ്, മാക്ബുക്ക് എന്നിവയുടെ ചില മോഡലുകൾക്ക് വില വർധിപ്പിച്ചതായി കമ്പനി അറിയിച്ചു. 20 ശതമാനം വില വർധനയാണുണ്ടായിരിക്കുന്നത്.



ചിപ്പുകളുടെ വില കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് നാലിരട്ടിയോളം വർധിച്ചതായും, ഇതുവരെ കമ്പനി ഈ അധികചെലവ് സ്വയം വഹിക്കുകയായിരുന്നുവെന്നും എന്നാൽ നിലവിലെ സാഹചര്യം ഒട്ടും സുസ്ഥിരമല്ലെന്നും ആപ്പിൾ സിഇഒ ടിം കുക്ക് വ്യക്തമാക്കിയിരുന്നു.

ആപ്പിളിന് കൂടുതൽ വരുമാനം നേടിത്തരുന്ന ഐഫോണിനെ ഈ വില വർധന ബാധിക്കില്ല. മാക്ബുക് നിയോയുടെ വില വർധിക്കും. വിപണിയിൽ എത്തിച്ച് ഏതാനും മാസങ്ങൾ മാത്രം പിന്നിടുമ്പോഴേക്കും ഈ എൻട്രി ലെവൽ ലാപ്ടോപ്പിന്റെ വില 599 ഡോളറിൽ നിന്ന് 699 ഡോളറിലെത്തി.

ആർട്ടിഫിഷ്യൽ ഇൻറലിജൻസ് മേഖലയിലുണ്ടായ വൻ കുതിച്ചുചാട്ടവും ഡാറ്റാ സെൻററുകൾക്കായി കമ്പനികൾ വൻതോതിൽ മെമ്മറി ചിപ്പുകൾ വാങ്ങിക്കൂട്ടുന്നതുമാണ് റമഗഡൻ എന്ന് വിളിക്കപ്പെടുന്ന ഈ പ്രതിസന്ധിക്ക് കാരണം. ആപ്പിളിനെക്കൂടാതെ ഡെൽ പോലുള്ള മറ്റ് പ്രമുഖ ബ്രാൻഡുകളെയും ഇത് ബാധിച്ചിട്ടുണ്ട്.






## എം.ജി സർവകലാശാല

# എം.ജി.യു. ബി. എഡ്., പി.ജി. ഏകജാലകം: രണ്ടാം അലോട്മെന്റ് ആരംഭിച്ചു

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാല അഫിലിയേറ്റഡ് കോളേജുകളിലേക്ക് 2026-27 അധ്യയനവർഷം ആരംഭിക്കുന്ന ബിരുദാനന്തര ബിരുദ, ബി. എഡ്. കോഴ്സുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിന്റെ രണ്ടാം അലോട്മെന്റ് ആരംഭിച്ചു.

ജൂൺ 30 വരെ ഓൺലൈൻ രജിസ്ടേഷൻ നടത്താം. നിലവിൽ പ്രവേശനം നേടിയവർ ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കും പങ്കെടുക്കാം.

അപേക്ഷിച്ച ശേഷം വിവിധ കാരണങ്ങളാൽ പ്രവേശനം നേടാൻ സാധിക്കാതിരുന്നവർക്കും, അപേക്ഷ റിജക്ട് ആയവർക്കും പ്രൊഫൈലിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനും പുതിയ ഓപ്ഷനുകൾ നൽകുന്നതിനും അവസരം ഉണ്ടായിരിക്കുന്നതാണ്.

നാളിതുവരെ അപേക്ഷ സമർപ്പിക്കാൻ സാധിക്കാതിരുന്നവർക്കും പങ്കെടുക്കാം.

പ്രവേശനം നേടിയവർക്ക് രണ്ടാം അലോട്മെന്റിന് ശേഷമുള്ള തുടർ അലോട്മെന്റുകളിൽ പങ്കെടുക്കുന്നതിനോ അപേക്ഷയിൽ മാറ്റങ്ങൾ വരുത്തുന്നതിനോ അവസരം ലഭിക്കുന്നതല്ല.

### സീറ്റ് ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയന്സസിലെ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് കോഴ്സിൽ എസ്.സി. സംവരണ വിഭാഗത്തിൽ 03 സീറ്റുകൾ ഒഴിവുണ്ട്. അംഗീകൃത ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് / കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/ഐ.ടി, ബി.സി.എ, ബി.എസ്.സി സൈബർ ഫോറെൻസിക്സ്, ബി.എസ് .സി ഡാറ്റ സയൻസ് / ഡാറ്റ അനലിറ്റിക്സ് / ആർട്ടിഫിഷ്യൽ ഇന്റലിജൻസ് / മെഷീൻ ലേണിംഗ് അല്ലെങ്കിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നിവയിൽ ഏതെങ്കിലുമൊന്ന് മുഖ്യ വിഷയമായുള്ള ബിരുദം അഥവാ കമ്പ്യൂട്ടർ സയൻസ് ഒരു മുഖ്യ വിഷയമായുള്ള ബി.എസ്.സി. ഡബിൾ /ട്രിപ്പിൾ മെയിൻ ആണ് യോഗ്യത. താല്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം 2026 ജൂലൈ 01 ന് രാവിലെ 11.00 മണിക്ക് സർവ്വകലാശാലയിലെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നേരിട്ട് ഹാജരാകേണ്ടതാണ്.
ഫോൺ: 0481 2733364

### വൈവ വോസി

നാലാം സെമസ്റ്റർ എംഎ പൊളിറ്റിക്കൽ സയൻസ് പ്രൈവറ്റ് രജിസ്ട്രേഷൻ (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 ന്റെ വൈവ വോസി പരീക്ഷകൾ ജൂലൈ 2ന് കോട്ടയം ഗവൺമെൻറ് കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എംഎസ് സി പ്ലാൻറ് ബയോടെക്നോളജി (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 29, 30 തീയതികളിലായി തിരുവല്ല മാക് ഫാസ്റ്റ് കോളേജിൽ നടക്കും.

ഒന്നാം സെമസ്റ്റർ എം.എഡ് സ്പെഷൽ എജ്യുക്കേഷൻ (ലേണിങ് ഡിസബിലിറ്റി) (2025 റെഗുലർ/സപ്ലിമെന്ററി) ജൂൺ 2026 പ്രായോഗിക പരീക്ഷകൾ ജൂൺ 29ന് മൂവാറ്റുപുഴ, നിർമല സദൻ ട്രെയ്നിങ് കോളേജ് ഫോർ സ്പെഷ്യൽ എഡ്യൂക്കേഷനിൽ വച്ച് നടത്തുന്നതാണ്. ടൈം ടേബിൾ വെബ്സൈറ്റിൽ.

രണ്ടാം സെമസ്റ്റർ ബി വോക് ലോജിസ്റ്റിക്സ് മാനേജ്മെന്റ് (2024 അഡ്മിഷൻ ഇപ്രൂവ്മെന്റ് / 2019 2024 അഡ്മിഷൻസ് റീ അപ്പീറൻസ് /2018 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്) ഏപ്രിൽ 2026ന്റെ പ്രാക്ടിക്കൽ പരീക്ഷ ജൂൺ 29ന് നടത്തുന്നതാണ്. ടൈം ടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാ തീയതി

ഒന്നും രണ്ടും സെമസ്റ്റർ എംഎ, എംഎസ് സി,എംകോം പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 അഡ്മിഷനുകൾ സപ്ലിമെൻററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷകൾ ജൂലൈ 6 മുതൽ നടക്കും. ഹാൾ ടിക്കറ്റുകൾ സെന്ററുകളിൽ നിന്നും ലഭ്യമാകുന്നതാണ്. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി പരീക്ഷ കേന്ദ്രമായി അനുവദിച്ച സെന്ററിൽ എഴുതേണ്ടതാണ്.

# സൗണ്ട്സ് ഇൻ കളേഴ്സ്' 2026

**കൊച്ചി:** ആർട്ട് കൊച്ചിയുടെ ആഭിമുഖ്യത്തിൽ സൗണ്ട്സ് ഇൻ കളേഴ്സ് എന്ന പേരിൽ ചിത്രകാരന്മാരുടെ ഗ്രൂപ്പ് പെയിന്റിംഗ് പ്രദർശനം ജൂൺ 30 വരെ എറണാകുളത്തെ കേരള ലളിതകലാ അക്കാദമിയുടെ ദർബാർ ഹാൾ ആർട്ട് ഗാലറിയിൽ നടക്കുന്നു. പ്രദർശനത്തിന്റെ ഉദ്ഘാടനം ജൂൺ 27ന് വൈകിട്ട് 5 മണിക്ക് ഹൈബി ഈഡൻ എം.പി. നിർവഹിക്കും.

ടി. ജെ. വിനോദ് എം.എൽ.എ. മുഖ്യാതിഥിയായി പങ്കെടുക്കും. കേരളത്തിലെ പ്രമുഖ ചിത്രകാരന്മാരുടെ സാന്നിധ്യത്തിൽ നടക്കുന്ന ഈ ഗ്രൂപ്പ് പ്രദർശനത്തിൽ വൈവിധ്യമാർന്ന ചിത്രങ്ങൾ കലാസ്വാദകർക്കായി പ്രദർശിപ്പിക്കും. ബോണിഫസ് ചിത്രപുര (പബ്ലിക് റിലേഷൻസ്) ബാബുരാജ് ബാലൻ, ചിത്രശാല (ക്യൂറേറ്റർ) എന്നിവർ പങ്കെടുക്കുന്നു. കലാസ്വാദകർക്കും പൊതുജനങ്ങൾക്കും പ്രദർശനം കാണുവാൻ അവസരമുണ്ടാകും.

# കുസാറ്റ്; ലാറ്ററൽ എൻട്രി

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ അഞ്ചുവർഷ ഇന്റഗ്രേറ്റഡ് പി ജിപ്രോഗ്രാമുകളുടെ 3,5 സെമെസ്റ്ററുകളിലേക്കുള്ള ലാറ്ററൽ എൻട്രി പ്രവേശനത്തിനായുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. താല്പര്യം ഉള്ളവർ ജൂൺ 28 ന് മുൻപായി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ബി.ടെക് പ്രോഗ്രാമുകളുടെ (ബി.ടെക് മറൈൻ എഞ്ചിനീയറിംഗ് ഒഴികെ) ഓപ്ഷൻരജിസ്ട്രേഷൻ 28 വരെ നീട്ടിയിട്ടുണ്ട്.കൂടുതൽ വിവരങ്ങൾക്ക് പ്രവേശന വെബ്സൈറ്റ് സന്ദർശിക്കുക: https://admissions.cusat.ac.in. ഫോൺ നമ്പർ: 9778783191, 8848912606.




ഗൈനക്കോളജി ചികിത്സാ രംഗത്ത് സൺറൈസ് ആശുപത്രി ആഗോള നേട്ടം കൈവരിച്ചതിന്റെ പ്രഖ്യാപനം ഹോസ്പിറ്റൽ ചെയർമാൻ ഡോ. ഹഫീസ് റഹ്മാൻ, മാനേജിംഗ് ഡയറക്ടർ പർവീൺ ഹഫീസ് എന്നിവർ ചേർന്ന് പ്രഖ്യാപിക്കുന്നു.

# സൺറൈസ് ആശുപത്രിയിൽ പെൺകുഞ്ഞിനൊപ്പം പിറന്നത് ഗർഭ ചികിത്സാ രംഗത്തെ ചരിത്ര നേട്ടം

**കൊച്ചി:** കാക്കനാട് സൺറൈസ് ആശുപത്രി ഗൈനക്കോളജി ചികിത്സാ രംഗത്ത് ലോകനേട്ടം കൈവരിച്ചപ്പോൾ തൃശ്ശൂർ സ്വദേശിനി രേഷ്മയുടെയും ശ്രീജിത്തിന്റെയും കൈയ്യിൽ മാലാഖ പോലൊരു പെൺകുഞ്ഞ് കണ്ണിറുക്കി ചിരിച്ചു. സ്കാർ പ്രഗ്നൻസിയുമായെത്തിയ രേഷ്മയുടെ ഗർഭസ്ഥ ശിശുവിനെ സുരക്ഷിതമായി നിലനിർത്തിക്കൊണ്ട് നടത്തിയ സങ്കീർണ്ണ ശസ്ത്രക്രിയ വിജയകരമായതോടെ സൺറൈസ് ആശുപത്രി ചരിത്രത്തിന്റെ ഭാഗമായി. ഒപ്പം സൺറൈസ് ആശുപത്രികളുടെ സ്ഥാപകനും ലോക പ്രശസ്ത ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയ വിദഗ്ദനും, ഗൈനക്കോളജിസ്റ്റുമായ ഡോ. ഹാഫിസ് റഹ്മാൻ, സഹഗൈനക്കോളജിസ്റ്റുമാരായ ഡോ.ഷെമിനി സലിം, ഡോ.സോണിയ ഫർഹാൻ, സീനിയർ കൺസൾട്ടന്റ് അനസ്തീഷ്യോളിസ്റ്റ് പി. ജി.ഷാജി എന്നിവരും ചരിത്ര നേട്ടത്തിന്റെ നേരവകാശികളുമായി.

മുൻപ് സിസെക്ഷൻ ചെയ്ത ഭാഗത്തെ തഴമ്പിൽ ഗർഭസ്ഥശിശു വളരുന്ന സ്കാർ പ്രഗ്നൻസിയെന്ന അവസ്ഥയെ തുടർന്ന് രേഷ്മയും ഭർത്താവ് ശ്രീജിത്തും കാക്കനാട് സൺറൈസ് ആശുപത്രിയിൽ ഡോ.ഹഫീസ് റഹ്മാന്റെയടുക്കൽ ഗർഭചിത്രം നടത്താൻ എത്തിയടുത്തുനിന്നുമാണ് ചരിത്രം പിറക്കുന്നത്. 2022ൽ ഇവരുടെ ആദ്യ ഗർഭം അലസിയിരുന്നു. തുടർന്ന് ഗർഭിണിയായി 2023ൽ പ്രസവം നടന്നെങ്കിലും കുഞ്ഞ് മരണപ്പെട്ടു.

2024 ൽ ഗർഭ ധാരണം നടന്നെങ്കിലും, സ്കാർ പ്രഗ്നൻസിയെ തുടർന്ന് ഗർഭചിത്രം നടത്തേണ്ടിവന്നു. വീണ്ടും 2025ൽ ദുബായിൽ വച്ച് നാലാം പ്രാവശ്യം രേഷ്മ ഗർഭിണിയാകുന്നു. ഇതും സ്കാർ പ്രഗ്നൻസിയാണെന്ന് തിരിച്ചറിയുകയും ഗർഭചിദ്രമല്ലാതെ മറ്റൊരുമാർഗവും ഇല്ലെന്ന് തിരിച്ചറിയുന്നു.

ദുബായിൽ ഗർഭചിദ്രം നടത്താൻ നിയമ തടസമുള്ളതുകൊണ്ട്, അവിടുത്തെ ഡോക്ടർമാരുടെ നിർദ്ദേശ പ്രകാരമാണ് രേഷ്മ ഡോ.ഹഫീസ് റഹ്മാന്റെയടുക്കൽ എത്തുന്നത്. ചിലപ്പോൾ ഗർഭ പാത്രം തന്നെ നീക്കേണ്ടിവരുമെന്ന ഉപദേശവും അവർ നൽകിയിരുന്നു.

സ്കാർ പ്രഗ്നൻസിയിൽ സർവ്വസാധാരണയായി ഗർഭചിദ്രമാണ് കൈക്കൊള്ളുന്ന ചികിത്സാവിധി. എന്നാൽ രേഷ്മയുടെയും കുടുംബാഗങ്ങളുടെയും മാനസികാവസ്ഥയും, ഒരു കുഞ്ഞ് എന്ന അവരുടെ സ്വപ്നവും മനസിനെ വല്ലാതെ അലട്ടിയെന്ന് ഡോ.ഹഫീസ് പറഞ്ഞു. സ്കാനിംഗ് റിപ്പോർട്ട് കണ്ടപ്പോൾ ഗർഭാവസ്ഥയിലെ പുതിയ ചികിത്സാ സാധ്യതകൾ കണ്ടെത്താൻ തന്റെ ദീർഘകാല അനുഭവസമ്പത്ത് തുണയായെന്നും, ദമ്പതികൾ പുതിയ സാധ്യതകൾ പരീക്ഷിക്കാൻ സന്നദ്ധരായെന്നും ഡോ.റഹ്മാൻ പറഞ്ഞു. ലോകത്ത് ഇന്നേവരെ ആരും പരീക്ഷിക്കാത്തതും വളരെ സങ്കീർണ്ണമായതുമായ ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയകൾ ഇതിനായി നടത്തി. ഇത് വിജയമായതോടെ ഈ അവസ്ഥ നേരിടുന്ന അനേകം ദമ്പതികളുടെ ജീവിതത്തിന് പ്രത്യാശ നൽകാനാകുമെന്നും ഡോ.ഹഫീസ് ആശുപത്രിയിൽ സംഘടിപ്പിച്ച വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഗർഭത്തിന്റെ എട്ടാം ആഴ്ച്ചയിൽ പ്രെഗ്നന്റ് യൂട്ടറിൻ മെട്രോപ്ലാസ്റ്റി എന്ന അത്യാധുനിക ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയ, പന്ത്രണ്ടാമത്തെ ആഴ്ച്ചയിൽ ഗർഭപാത്രത്തിന്റ കവാടം ബലപ്പെടുത്തുന്നതിനായി പാപ്രോസ്കോപ്പിക് സെർവിക്കൽ എൻസിർക്ലേജ് ശസ്ത്രക്രിയയും നടത്തി.

ഗർഭകാലത്തിന്റെ അവസാന ഘട്ടത്തിൽ പ്ലാസന്റ ഗർഭപാത്ര ഭിത്തിയിലേയ്ക്ക് ആഴത്തിൽ ഇറങ്ങിചെല്ലുന്ന പ്ലാസന്റ അക്രീറ്റ സ്പെക്ടം എന്ന അതിസങ്കീർണ്ണമായ അവസ്ഥ എം.ആർ.ഐ സ്കാനിംഗിൽ കണ്ടെത്തി. തുടർന്ന് പ്രസവ സമയത്ത് ഉണ്ടായേക്കാവുന്ന കടുത്ത രക്തസ്രാവം തടയാൻ പ്രത്യേക രക്തക്കുഴലുകൾ ബന്ധിക്കുകയും, മൂത്ര സഞ്ചിക്കുണ്ടായ തകരാറുകൾ പരിഹരിച്ച് സിസേറിയൻ വിജയകരമാക്കി പൂർത്തിയാക്കി ഗർഭപാത്രം പൂർണ്ണമായും സുരക്ഷിതമാക്കി.

അമ്മയും കുഞ്ഞും പൂർണ്ണ ആരോഗ്യത്തോടെയാണ് ആശുപത്രി വിട്ടതെന്നും ഡോ. ഹഫീസ് പറഞ്ഞു. സർവ്വ പ്രതീക്ഷയും നഷ്ടപ്പെട്ടാണ് തങ്ങൾ സൺറൈസ് ആശുപത്രിയിൽ എത്തിയതെന്നും, ഡോ.ഹഫീസും, മറ്റ് ജീവനക്കാരും നൽകിയ പിന്തുണ വളരെ വലുതായിരുന്നുവെന്നും രേഷ്മയും ശ്രീജിത്തും പറഞ്ഞു.

# ആന്തം ഓഫ് നോബഡി ജൂലൈ 9ന് തിയേറ്ററുകളിൽ

പൃഥിരാജ് സുകുമാരൻ, പാർവതി തിരുവോത്ത് എന്നിവരെ മുഖ്യ കഥാപാത്രങ്ങളായി എത്തുന്ന ഐ നോബഡി എന്ന ചിത്രത്തിന്റെ ആദ്യ ഗാനം അണിയറപ്രവർത്തകർ പുറത്തുവിട്ടു. സജ്ജേ ഖബ്ബെ എന്ന് തുടങ്ങുന്ന ആന്തം ഓഫ് നോബഡിയുടെ വിഡിയോയാണ് പുറത്തിറങ്ങിയത്. കൊച്ചി ലുലു മാൾ നടന്ന ഗംഭീര താര പരിപാടിയിലൂടെയാണ് ഗാനം പുറത്തുവിട്ടത്. ട്രെൻഡ് സെറ്റർ സംഗീത സംവിധായകൻ ജേക്സ് ബിജോയ് - പൃഥിരാജ് കൂട്ടുകെട്ടിൽ ഇറങ്ങുന്ന ചിത്രമെന്ന പ്രതേകതയും ഐ നോബഡിക്കുണ്ട്. ചിത്രത്തിൽ 8 ഗാനങ്ങളാണ് അടങ്ങിയിട്ടുള്ളത്. ബോളിവുഡിലെ ഏറ്റവും വലിയ ഹിറ്റ് സിനിമകളിലൊന്നായ ധുരന്ധർ ചിത്രത്തിൽ ഗാനമാലപിച്ച സുധീർ യദുവംശി, റാപ്പ് സിങ്ങർ ബിജോർൺ, സിമ്രാൻ കൗർ എന്നിവർ ചേർന്നാണ് ആന്തം ഓഫ് നോബഡി ഗാനത്തിന് ശബ്ദം പകർന്നത്. സിദ് കൗശാലാണ് വരികൾ എഴുതിയത്. സജ്ജേ ഖബ്ബെ എന്നത് പഞ്ചാബി വാക്കാണ്. ഇതിന്റെ മലയാളം അർത്ഥം വലതും ഇടതും എന്നാണ്. പഞ്ചാബിയിൽ സജ്ജെ എന്നാൽ വലതുഭാഗം എന്നും ഖബ്ബെ എന്നാൽ ഇടതുഭാഗം എന്നുമാണ് അർത്ഥമാക്കുന്നത്.



നിരൂപക പ്രേക്ഷക പ്രശംസ നേടിയ സൂപ്പർ ഹിറ്റ് മമ്മൂട്ടി ചിത്രം റോഷാക്കിന് ശേഷം നിസാം ബഷീർ സംവിധാനം ചെയ്യുന്ന ഐ നോബഡി പൃഥിരാജ് പ്രൊഡക്ഷൻസിന്റെയും ഇ4 എക്സ്പെരിമെന്റസിന്റെ ബാനറിൽ സുപ്രിയ മേനോനും മുകേഷ് ആർ മേത്തയും സി വി സാരഥിയും ചേർന്നാണ് നിർമ്മിക്കുന്നത്. ആന്തം ഓഫ് നോബഡി എന്ന ഗാനമാണ് പുറത്തിറങ്ങിയത്. വേൾഡ് വൈഡ് റിലീസായി ജൂലൈ 9ന് പുറത്ത് വരുന്ന ചിത്രത്തെ ഏറെ ആകാംഷയോടെയാണ് പ്രേക്ഷകർ കാത്തിരിക്കുന്നത്. ജേക്സ് ബിജോയ് - പൃഥിരാജ് കൂട്ടുക്കെട്ടുണ്ടാക്കുന്ന പ്രതീക്ഷയും നിസ്സാരമല്ല.

കഴിഞ്ഞ ആഴ്ച പുറത്തിറങ്ങിയ ചിത്രത്തിന്റെ ട്രെയിലറിന് ഗംഭീര അഭിപ്രായമാണ് ലഭിക്കുന്നത്. ബാങ്ക് മോക്ഷണത്തെ ചുറ്റിപ്പറ്റി നടക്കുന്ന ഹീസ്റ്റ് ഴോണറിയിൽ എത്തുന്ന സിനിമയാകും ഐ നോബഡി എന്നാണ് ട്രെൻഡിങ്ങിൽ തുടരുന്ന ട്രെയ്‌ലർ നൽകുന്ന സൂചന.

റോഷാക്ക്, ഇബിലീസ് എന്നീ ചിത്രങ്ങൾക്ക് ശേഷം സമീർ അബ്ദുളാണ് ഐ, നോബഡിയുടെയും രചന നിർവഹിക്കുന്നത്. എന്ന് നിന്റെ മൊയ്തീൻ, കൂടെ തുടങ്ങിയ സൂപ്പർഹിറ്റുകൾക്ക് ശേഷം പൃഥിരാജും പാർവതിയും വീണ്ടും ഒന്നിക്കുന്ന ചിത്രം എന്ന പ്രത്യേകത കൂടി നോബഡിക്കുണ്ട്.

ഇതുവരെ മലയാളം സിനിമയിൽ കാണാത്ത തരത്തിലുള്ള വ്യത്യസ്തമായ മേക്കിങ് ആണ് ഇതെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നുണ്ട്. വാനിക്ക് ബെൻ & കലൈ കിംഗ്സ്റ്റൺ & അമിത് ജോളി ബാസ്റ്റിൻ എന്നിവർ ഒരുക്കുന്ന 5 ഹൈ വോൾടേജ് ആക്ഷൻ രംഗങ്ങളും കാർ ചേസ് രംഗങ്ങളും ചിത്രത്തിലുണ്ടെന്നാണ് റിപ്പോർട്ട്.

ഹക്കിം ഷാജഹാൻ, അശോകൻ, വിജയരാഘവൻ, മധുപാൽ, ശങ്കർ രാമകൃഷ്ണൻ, നക്ഷത്ര, ഐറാ, നിഷാന്ത് സാഗർ, നന്ദു, നൗഷാദ് ബോംബെ, ജിജോയ് രാജഗോപാൽ, ഖാലിദ് റഹ്മാൻ, സഞ്ജു ശിവറാം, സുധി കോപ്പ, ബീന ചന്ദ്രൻ, സന അൽതാഫ്, കൃഷ്ണൻ ബാലകൃഷ്ണൻ, ദിനേശ് ആലപ്പുഴ, റോണി വർഗീസ്, മനോജ് കെ യൂ, ഇർഷാദ് അലി, സുധി കോഴിക്കോട്, മഹേന്ദ്രൻ, ആൽബിൻ അലക്സ്, ജിതിൻ മദനൻ തുടങ്ങിയ വൻ താരനിരയും ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്.

ഛായാഗ്രഹണം ദിനേശ് പുരുഷോത്തമൻ, ലൈൻ പ്രൊഡ്യൂസർ ഹാരിസ് ദേശം, എഡിറ്റിംഗ് റമീസ് എംബി, പ്രൊഡക്ഷൻ ഡിസൈനർ അർഷാദ് നാക്കോത്ത്, മേക്കപ്പ് റോണക്സ് സേവിയർ, കോസ്റ്റ്യൂംസ് ധന്യ ബാലകൃഷ്ണൻ, പ്രൊഡക്ഷൻ കൺട്രോളർ റിനി ദിവാകർ, ഫിനാൻസ് കൺട്രോളർ കിരൺ നെട്ടയം, സംഘടന സംവിധാനം വാനിക്ക് ബെൻ & കലൈ കിംഗ്സ്റ്റൺ & അമിത് ജോളി ബാസ്റ്റിൻ, സൗണ്ട് ഡിസൈനർ നിക്സൺ ജോർജ്, വിഎഫ് എക്സ് ലവാ കുശ, മാർക്കറ്റിംഗ്: കാറ്റലിസ്റ്റ്, ഡിസൈൻ: റ്റിംഗ്, പ്രൊമോഷൻസ് പൊഫാക്ഷിയോ, ഡിജിറ്റൽ മാർക്കറ്റിംഗ് വിപിൻ കുമാർ.വി, കളറിസ്റ്റ് സുരേഷ് രവി, സ്റ്റീൽസ് രോഹിത് കെ സുരേഷ്, ഡിസൈൻസ് യെല്ലോ ടൂത്ത്, ടീസർ എഡിറ്റ് ബ്ലെസ് തോമസ്.

# ബാലന് പ്രശംസയുമായി സൂര്യയും ജ്യോതികയും

മലയാളത്തിലെ ഓൾ ടൈം ബ്ലോക്ക്ബസ്റ്റർ ഹിറ്റായ മഞ്ഞുമ്മൽ ബോയ്സിന് ശേഷം ചിദംബരം സംവിധാനം ചെയ്ത ബാലൻ ദി ബോയ് എന്ന ചിത്രം ആഗോള തലത്തിൽ വമ്പൻ പ്രേക്ഷക നിരൂപക പ്രശംസ നേടി മുന്നേറുകയാണ്. ഈ വർഷം മലയാളത്തിലെത്തിയ ഏറ്റവും മികച്ച ചിത്രമെന്ന അഭിപ്രായമാണ് ചിത്രം നേടിയെടുത്തത്. കേരളത്തിന് അകത്തും പുറത്തുമുള്ള സിനിമാ പ്രവർത്തകരിൽ നിന്നും വലിയ കയ്യടി നേടുന്ന ചിത്രത്തിന് ഇപ്പോൾ പ്രശംസയുമായി എത്തിയിരിക്കുന്നത് സൂര്യയും അദ്ദേഹത്തിന്റെ ഭാര്യയും നടിയുമായ ജ്യോതികയുമാണ്. മലയാള സിനിമയിൽ നിന്ന് വീണ്ടുമൊരു ഗംഭീർ ചലച്ചിത്രാനുഭവം എത്തിയിരിക്കുന്നു എന്നാണ് ഇരുവരും പറയുന്നത്. സംവിധായകൻ ജിത്തു മാധവൻ രചന നിർവഹിച്ച ചിത്രം നിർമ്മിച്ചിരിക്കുന്നത് കെ വി എൻ പ്രൊഡക്ഷൻസ്, തെസ്പിയൻ ഫിലിംസ് എന്നിവയുടെ ബാനറിൽ വെങ്കട്ട് കെ നാരായണ, ശൈലജ ദേശായി ഫെൻ എന്നിവർ ചേർന്നാണ്.

ബാലൻ കണ്ടു എന്നും, മഞ്ഞുമ്മൽ ബോയ്സിന് ശേഷം ഇതുപോലൊരു സിനിമ ചെയ്യാനുള്ള തീരുമാനം തന്നെ, ചിദംബരവും അദ്ദേഹത്തിന്റെ ടീമും നമ്മുക്ക് നൽകാൻ ആഗ്രഹിച്ചതിനെക്കുറിച്ച് എല്ലാം തുറന്നു കാണിക്കുന്നുണ്ടെന്നും സൂര്യ സോഷ്യൽ മീഡിയയിൽ കുറിച്ചു. ഈ ചിത്രം മലയാള വ്യവസായത്തിൽ നിന്നുള്ള മറ്റൊരു മികച്ച സിനിമാനുഭവമാണ് എന്നും, ജിത്തു മാധവൻ രചിച്ച ഈ അതുല്യമായ കഥയുമായി മുന്നോട്ട് നീങ്ങിയതിന് സംവിധായകനോട് വലിയ ബഹുമാനം ഉണ്ടെന്നും സൂര്യ പറയുന്നു. പുതുമുഖ അഭിനേതാക്കളായ ഫർസാന പാലത്തിങ്കൽ, ആദിശേഷൻ, മുഹമ്മദ് സിനാൻ എന്നിവരെ പൂർണ്ണമായി വിശ്വസിച്ചതും, അബ്ബാസ് ആയി ടോവിനോ തോമസ് എന്ന നടനെ മികച്ച രീതിയിൽ ഉപയോഗിച്ചതും, പ്രവചനാതീതമായ രീതിയിൽ ചിത്രത്തിന്റെ കഥ പറയുകയും ചെയ്തതാണ് ബാലന്റെ ഹൈലൈറ്റുകൾ എന്നും സൂര്യ കൂട്ടിച്ചേർത്തു. ഈ ചിത്രത്തിലെ അഭിനയം, തിരക്കഥ, ഛായാഗ്രഹണം, സുഷിൻ ഒരുക്കിയ സംഗീതം ആർട്ട്, സൗണ്ട് തുടങ്ങി എല്ലാം അതിശയിപ്പിക്കുന്നതാണെന്നും, ഈ പുതുമുഖങ്ങളുടെ അഭിനയം കണ്ടപ്പോൾ, തന്റെ കഴിവ് തനിക്ക് ഇനിയും മിനുക്കണം എന്നാണ് തോന്നിയത് എന്നും കുറിച്ചു കൊണ്ടാണ് സൂര്യ ഈ ചിത്രത്തിനും അണിയറ പ്രവർത്തകർക്കും അഭിനന്ദനം നൽകിയത്.



ചിദംബരം ഏറ്റവും മികച്ച രീതിയിൽ ഒരുക്കിയ ചിത്രമാണ് ബാലൻ എന്ന് ജ്യോതികയും ചിത്രം കണ്ടതിന് ശേഷം സമൂഹ മാധ്യമത്തിൽ കുറിച്ചു. സഹാനുഭൂതി, നിഗൂഢത, നിഷ്കളങ്കത, ക്രിമിനൽ സഹജാവബോധം എന്നിവ വളരെ സുഗമമായി സമന്വയിപ്പിക്കുന്ന ജീത്തു മാധവന്റെ കൗതുകകരവും നിരന്തരം ആശ്ചര്യപ്പെടുത്തുന്നതുമായ തിരക്കഥയും ഈ ചിത്രത്തെ ഒരു മാസ്റ്റർപീസ് ആക്കി മാറ്റിയെന്നും ജ്യോതിക പറഞ്ഞു. സ്ത്രീത്വത്തിന്റെ ശക്തമായ ആൾരൂപത്തെ സ്ക്രീനിൽ പ്രദർശിപ്പിച്ച ഫർസാനയുടെ പ്രകടനം ഏറെ സന്തോഷം നൽകിയെന്ന് ജ്യോതിക പറഞ്ഞു. കണ്ണുകളിലെ നിഷ്കളങ്കതയും ആഴവും നേരിട്ട് കാഴ്ചക്കാരുടെ ഹൃദയത്തിലേക്ക് തുളച്ചുകയറുന്ന രീതിയിൽ അഭിനയിച്ച ആദിശേഷനും സിനാനും, ഒപ്പം വൃദ്ധ കഥാപാത്രത്തെ അവതരിപ്പിച്ച ഡോളി ജൂണിനും ജ്യോതിക അഭിന്ദനം നൽകി. ഡോളി ജൂണിന്റെ കഥാപാത്രം വളരെ പുതുമയുള്ളതും അതിൽ അവർ ഗംഭീര പ്രകടനവുമാണ് നൽകിയതെന്നും ജ്യോതിക എടുത്തു പറയുന്നു.

ടോവിനോ തോമസ് തന്റെ ഏറ്റവും മികച്ച പ്രകടനങ്ങളിലൊന്ന് നല്കാൻ, തന്റെ സ്റ്റാർഡത്തിന്റെ ഭാരമെല്ലാം ഒഴിവാക്കിയെന്നും, സുഷിൻ ശ്യാമിന്റെ സംഗീതം ആദ്യ പകുതിയിൽ തങ്ങളെ ത്രസിപ്പിക്കുകയും രണ്ടാം പകുതിയിൽ ശരിയായ വൈകാരിക നിമിഷങ്ങളെ മാത്രം സ്പർശിക്കുകയും ചെയ്യുന്നു എന്നും ജ്യോതിക കുറിച്ചു. ഷൈജു ഖാലിദിന്റെ ക്യാമറ വർക്കിൽ കാവ്യാത്മകമായ ക്ലോസപ്പുകളും പെയിന്റ് ചെയ്ത ഫ്രെയിമുകളും ഉള്ളതുപോലെയാണ് അനുഭവപെട്ടതെന്നും, ഇത് ഒരു സമ്പൂർണ്ണ വിഷൽ ട്രീറ്റ് ആണെന്നും അവർ പറയുന്നു. ഈ വലിയ മോശം ലോകത്തിൽ നഷ്ടപ്പെടാൻ നിർബന്ധിതരായ മാതൃത്വത്തിന്റെയും നിഷ്കളങ്കതയുടെയും ഈ കഥ, തിയേറ്ററുകളിൽ നഷ്ടപ്പെടുത്തരുത് എന്നും പറഞ്ഞ ജ്യോതിക, അത്രയും മൂർച്ചയുള്ളതും ബുദ്ധിപരമായി ഒരുക്കിയതുമായ ഒരു ചിത്രമാണ് ബാലൻ എന്നും കൂട്ടിച്ചേർത്തു. മലയാള ചലച്ചിത്ര വ്യവസായത്തിൽ നിന്ന് വന്ന മറ്റൊരു മികച്ച അനുഭവം ആണ് ഇതെന്നും, ഒപ്പം ചിത്രത്തിന്റെ ടീമിനെ കാണാൻ സാധിച്ചതിൽ അഭിമാനമുണ്ട് എന്നും ജ്യോതിക പറയുന്നു.

ഒരു അമ്മയുടെയും മകന്റെയും ജീവിതത്തിലൂടെ കഥ പറയുന്ന ഈ ക്രൈം ഡ്രാമ ത്രില്ലർ ചിത്രം, ഒരേ സമയം ഇമോഷണൽ ഡ്രാമ ആയും ത്രില്ലർ ആയും ആണ് സഞ്ചരിക്കുന്നത്. ചിദംബരത്തിന്റെ സംവിധാന മികവും ജിത്തു മാധവന്റെ തിരക്കഥയുമാണ് ചിത്രത്തിന്റെ ഹൈലൈറ്റ്. സുഷിൻ ശ്യാമിന്റെ ഗംഭീര പശ്ചാത്തല സംഗീതവും വലിയ കയ്യടിയാണ് നേടുന്നത്. കാൻ ഫിലിം ഫെസ്റ്റിവലിന്റെ ഭാഗമായി മാർഷേ ഡു ഫിലിമിൽ പ്രദർശിപ്പിച്ച ചിത്രം അവിടേയും മികച്ച നിരൂപക പ്രശംസ നേടിയെടുത്തിട്ടുണ്ട്. ഒരമ്മയുടെയും മകന്റെയും ജീവിതത്തിലൂടെ സഞ്ചരിച്ചു കൊണ്ട് വ്യക്തിത്വത്തിന്റെയും അതിജീവനത്തിന്റെയും കഥയാണ് ചിത്രം പറയുന്നത്. ഫർസാന പാലത്തിങ്കൽ, ആദിശേഷൻ, മുഹമ്മദ് സിനാൻ, ടോവിനോ തോമസ്, ഡോളി ജൂൺ, ജീൻ പോൾ ലാൽ, ഗിരീഷ് എ ഡി, ബീന ആന്റണി എന്നിവരാണ് ചിത്രത്തിലെ പ്രധാന വേഷങ്ങൾ അവതരിപ്പിച്ചത്. ഇവരെല്ലാം മികച്ച പ്രകടനമാണ് നൽകിയത്. മലയാളം, ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ ഭാഷകളിലായി ആണ് ചിത്രം എത്തിയിരിക്കുന്നത്.

ഛായാഗ്രഹണം ഷൈജു ഖാലിദ്, സംഗീതം സുഷിൻ ശ്യാം. എഡിറ്റർ വിവേക് ഹർഷൻ, പ്രൊഡക്ഷൻ ഡിസൈനർ അജയൻ ചാലിശ്ശേരി, കാസ്റ്റിംഗ് ഡയറക്ടർ/ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ഗണപതി, വസ്ത്രാലങ്കാരം സപ്ന കാജാ റാവുത്തർ, മേക്കപ്പ് റോണക്സ് സേവ്യർ, ആർട്ട് ഡയറക്ടർ ഇന്ദുലാൽ കാവീട്, ഓഡിയോഗ്രഫി ഷിജിൻ മെൽവിൻ ഹട്ടൻ, അഭിഷേക് നായർ, അസ്സോസിയേറ്റ് പ്രൊഡ്യൂസേഴ്സ് സുപ്രീത്, ധവൽ ജട്ടാനിയ, പൂജ ഷാ, പ്രൊഡക്ഷൻ കൺട്രോളർ ദീപക് പരമേശ്വരൻ, അസ്സോസിയേറ്റ് ഡിറക്ടർസ് ബിനു ബാലൻ, എസ് കെ ശ്രീരാഗ്, കളറിസ്റ്റ് ശ്രീക് വാര്യർ, വിഎഫ്എക്സ് എഗ്ഗ് വൈറ്റ് വിഎഫ്എക്സ്, സ്റ്റിൽ ഫോട്ടോഗ്രാഫർ രോഹിത് കെ സുരേഷ്, പിആർഒ വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ, പബ്ലിസിറ്റി ഡിസൈൻ യെല്ലോ ടൂത്സ്.



# ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

**കൊച്ചി:** കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന ലഹരി മുക്ത ബോധവൽക്കരണത്തിന്റെ ഭാഗമായി കൊച്ചി കസ്റ്റംസ് പ്രിവന്റീവ് കമ്മീഷണറേറ്റ് നോർത്ത് ഇടപ്പള്ളി ജി.വി.എച്ച്.എസ്.എസിൽ ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. കൊച്ചി കസ്റ്റംസ് പ്രിവന്റീവ് കമ്മീഷണർ ഡോ.ടി.ടിജു ഐആർഎസ് പരിപാടി ഉദ്ഘാടനം ചെയ്തു.'എല്ലാത്തരം ലഹരിമരുന്നുകളോടും ആദ്യമേ 'ഇല്ല' എന്ന് പറയാനുള്ള ധൈര്യമാണ് ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും വലിയ വിജയം എന്ന് അദ്ദേഹം പറഞ്ഞു. വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും ഒരുപോലെ നശിപ്പിക്കുന്ന ഗുരുതരമായ സാമൂഹിക വിപത്താണ് ലഹരി ഉപയോഗമെന്ന് അദ്ദേഹം വിദ്യാർത്ഥികളെ ഓർമ്മിപ്പിച്ചു. ആരോഗ്യമുള്ള ശരീരവും വ്യക്തമായ ചിന്തയുമാണ് വിജയത്തിന്റെ അടിസ്ഥാനമെന്നും ജീവിതത്തിൽ ഉയർന്ന ലക്ഷ്യങ്ങൾ വെക്കണമെന്നും അതിനായി കഠിനാധ്വാനം ചെയ്യണമെന്നും പറഞ്ഞ അദ്ദേഹം, തെറ്റായ കൂട്ടുകെട്ടുകളും ദുശ്ശീലങ്ങളും ഭാവിയെ ഇരുളടഞ്ഞതാക്കുമെന്നും മുന്നറിയിപ്പ് നൽകി. പ്രധാനാധ്യാപകൻ നവീൻ പുതുശ്ശേരി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കസ്റ്റംസ് സൂപ്രണ്ട് വി.വിവേക്, സൈക്കോളജിക്കൽ അനലിസ്റ്റ് സാൻഡ്രെ സോജ അസ്സി, കസ്റ്റംസ് ജോയിന്റ് കമ്മീഷണർ ബാലസുബ്രഹ്മണ്യൻ ആർ. മേനോൻ ഐആർഎസ്, കസ്റ്റംസ് ഡെപ്യൂട്ടി കമ്മീഷണർ ഉമ്മൻ ജോസഫ്, പി.ടി.എ പ്രസിഡന്റ് മുഹമ്മദ് ഹസ്രത്ത്, സ്റ്റാഫ് സെക്രട്ടറി മഹിൻ ബാഖവി, വിദ്യാർത്ഥി പ്രതിനിധി ദിയ പ്രഭ എന്നിവരും ചടങ്ങിൽ സംസാരിച്ചു.

# ഡോ. ആസാദ് മൂപ്പൻ മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി

**തിരുവനന്തപുരം:** ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപകനും ചെയർമാനുമായ ഡോ. ആസാദ് മൂപ്പൻ, മുഖ്യമന്ത്രി വി.ഡി. സതീശനുമായി കൂടിക്കാഴ്ച നടത്തി. ആരോഗ്യം, വിദ്യാഭ്യാസം, തൊഴിലവസരം, അടിസ്ഥാന സൗകര്യം, സാമൂഹിക ക്ഷേമം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് പുരോഗമനപരമായ ബജറ്റ് അവതരിപ്പിച്ചതിന് അദ്ദേഹം മുഖ്യമന്ത്രിയെ അഭിനന്ദിച്ചു.

കേരളത്തോടുള്ള ആസ്റ്ററിന്റെ ദീർഘകാല പ്രതിബദ്ധത ഉറപ്പിച്ചുകൊണ്ട് സംസ്ഥാനത്തുടനീളം ആരോഗ്യ സംരക്ഷണ അടിസ്ഥാന സൗകര്യങ്ങൾ, മെഡിക്കൽ വിദ്യാഭ്യാസം, നൈപുണ്യ വികസനം, തൊഴിലവസരങ്ങൾ, മെഡിക്കൽ ടൂറിസം, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള സാധ്യതകൾ ഡോ. ആസാദ് മൂപ്പൻ ചർച്ച ചെയ്തു. ഇന്ത്യയിലെ പ്രമുഖ ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളിലൊന്നായി കേരളത്തെ മാറ്റുകയെന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യത്തിൽ പങ്കാളികളാകാൻ പ്രതിജ്ഞാബദ്ധരാണെന്നും കൂടിക്കാഴ്ചയ്ക്കുശേഷം ഡോ. ആസാദ് മൂപ്പൻ വ്യക്തമാക്കി.



ഡോ. ആസാദ് മൂപ്പൻ മുഖ്യമന്ത്രി വി.ഡി. സതീശനുമായി നടത്തിയ കൂടിക്കാഴ്ചക്കിടയിൽ

ആസ്റ്ററും ക്വാളിറ്റി കെയർ ഇന്ത്യയും ലയിക്കുന്നതോടെ കേരളത്തിൽ 11 ആശുപത്രികളും 4,575 കിടക്കകളുമായി രാജ്യത്തെ ഏറ്റവും ശക്തമായ ആരോഗ്യ ശൃംഖലകളിലൊന്ന് രൂപപ്പെടും. വരും വർഷങ്ങളിൽ 1,661 കോടി രൂപയുടെ അധിക നിക്ഷേപത്തിലൂടെ സംസ്ഥാനത്ത് 1,315 കിടക്കകളും 7,900 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും. ആസ്റ്ററിൽ മാത്രം കേരളത്തിൽ 834 കിടക്കകൾ കൂട്ടിച്ചേർക്കാൻ പദ്ധതിയിടുന്നുണ്ട്. ഇതിൽ തിരുവനന്തപുരത്ത് ഉടൻ യാഥാർത്ഥ്യമാകുന്ന 454 കിടക്കകളുള്ള ആസ്റ്റർ ആശുപത്രിയും ഉൾപ്പെടുന്നു. ഇത് തെക്കൻ കേരളത്തിലെ അത്യാധുനിക ചികിത്സാസൗകര്യങ്ങൾ വൻതോതിൽ മെച്ചപ്പെടുത്തും.

# യൂണിയൻ ബാങ്ക് എഫ്സിഎൻആർ(ബി) നിക്ഷേപ പലിശ 6.60% ആയി വർധിപ്പിച്ചു

**മുംബൈ:** വിദേശത്ത് താമസിക്കുന്ന ഇന്ത്യൻ വംശജർക്ക് കൂടുതൽ ആകർഷകമായ നിക്ഷേപ വരുമാനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ എഫ്സിഎൻആർ(ബി) നിക്ഷേപ പദ്ധതിയായ 'യുബിഐ യുണീക് എഫ്സിഎൻആർ(ബി) ഡെപ്പോസിറ്റ് സ്കീം' ന്റെ പലിശനിരക്കുകൾ വർധിപ്പിച്ചു. പുതുക്കിയ നിരക്കുകൾ ജൂൺ 23 മുതൽ പ്രാബല്യത്തിൽ വന്നു.

പുതുക്കിയ നിരക്കുകൾ പ്രകാരം, 10 ലക്ഷം യുഎസ് ഡോളറിൽ താഴെയുള്ള എഫ്സിഎൻആർ(ബി) നിക്ഷേപങ്ങൾക്ക് മൂന്ന് വർഷം മുതൽ നാല് വർഷത്തിൽ താഴെയുള്ള കാലാവധിക്ക് 6.10 ശതമാനം വാർഷിക പലിശയും, നാല് വർഷം മുതൽ അഞ്ച് വർഷത്തിൽ താഴെയുള്ള കാലാവധിക്ക് 6.25 ശതമാനം പലിശയും അഞ്ച് വർഷത്തെ കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് 6.45 ശതമാനം പലിശയും ലഭിക്കും.

അതേസമയം, 10 ലക്ഷം യുഎസ് ഡോളറോ അതിലധികമോ മൂല്യമുള്ള നിക്ഷേപങ്ങൾക്ക് മൂന്ന് വർഷം മുതൽ നാല് വർഷത്തിൽ താഴെയുള്ള കാലാവധിക്ക് 6.20 ശതമാനം വാർഷിക പലിശയും, നാല് വർഷം മുതൽ അഞ്ച് വർഷത്തിൽ താഴെയുള്ള കാലാവധിക്ക് 6.40 ശതമാനം പലിശയും അഞ്ച് വർഷത്തെ നിക്ഷേപങ്ങൾക്ക് 6.60 ശതമാനം പലിശയും ബാങ്ക് വാഗ്ദാനം ചെയ്യുന്നു.

എഫ്സിഎൻആർ(ബി) നിക്ഷേപങ്ങൾക്കായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്രഖ്യാപിച്ച ഡോളർരൂപ സ്വാപ്പ് സൗകര്യംത്തിന്റെ പശ്ചാത്തലത്തിലാണ് ബാങ്കിന്റെ നടപടി. മൂന്ന് മുതൽ അഞ്ച് വർഷം വരെ കാലാവധിയുള്ള പുതിയ എഫ്സിഎൻആർ(ബി) നിക്ഷേപങ്ങളും കാലാവധി പൂർത്തിയായ ശേഷം പുതുക്കുന്ന നിക്ഷേപങ്ങളും സമാഹരിക്കാൻ ബാങ്കുകൾക്ക് ഈ സംവിധാനം സഹായകമാകും.

'യുബിഐ യുണീക് എഫ്സിഎൻആർ(ബി) ഡെപ്പോസിറ്റ് സ്കീം' പ്രകാരം സമാഹരിക്കുന്ന പുതിയ നിക്ഷേപങ്ങൾക്കും കാലാവധി പൂർത്തിയായ ശേഷം പുതുക്കുന്ന അർഹമായ നിക്ഷേപങ്ങൾക്കും പുതുക്കിയ പലിശനിരക്കുകൾ ബാധകമായിരിക്കും. ദീർഘകാല നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതിയിൽ ഒരു വർഷത്തെ ലോക്ക്ഇൻ കാലാവധിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

# ബന്ധൻ ബാങ്ക് നിക്ഷേപ പലിശ ഉയർത്തി

**കൊച്ചി:** ബന്ധൻ ബാങ്ക് സ്ഥിരനിക്ഷേപങ്ങളുടെ പലിശനിരക്ക് വർധിപ്പിച്ചു. പലിശനിരക്കുകളിൽ 20 ബേസിസ് പോയിന്റിന്റെ വർധനയാണുണ്ടായത്.'

ഇതോടെ രണ്ടുമുതൽ മൂന്നു വർഷത്തിനു താഴെവരെ കാലാവധിയുള്ള നിക്ഷേപങ്ങളിൽ മുതിർന്ന പൗരന്മാർക്ക് 7.95 ശതമാനം വരെ ഉയർന്ന പലിശ ലഭിക്കും. സാധാരണ നിക്ഷേപങ്ങൾക്ക് 7.45 ശതമാനം പലിശ ലഭിക്കുമെന്ന് അധികൃതർ അറിയിച്ചു.

# കേരള ട്രാവൽ മാർട്ട് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

**തിരുവനന്തപുരം:** രാജ്യത്തെ ഏറ്റവും വലിയ ടൂറിസം വാണിജ്യ മാർട്ടായ കേരള ട്രാവൽ മാർട്ടിന്റെ (കെടിഎം) 13ാം എഡിഷൻ സെപ്റ്റംബർ 24 ന് കൊച്ചിയിൽ മുഖ്യമന്ത്രി വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യും. മാർട്ടിന്റെ ഭാഗമായുള്ള ബിസിനസ് മീറ്റുകൾ സെപ്റ്റംബർ 25 മുതൽ 27 വരെ നടക്കുമെന്ന് ടൂറിസം മന്ത്രി പി.സി. വിഷ്ണുനാഥ് പത്രസമ്മേളനത്തിൽ പറഞ്ഞു. ഉദ്ഘാടന ചടങ്ങ് ബോൾഗാട്ടിയിലെ ഗ്രാൻഡ് ഹയാത്ത് കൺവൻഷൻ സെന്ററിലും മാർട്ട് കൊച്ചി വെല്ലിംഗ്ടൺ ഐലൻഡിലെ സാഗര, സാമുദ്രിക കൺവൻഷൻ സെന്ററിലുമാണ് നടക്കുക.

ടൂറിസത്തെ വ്യവസായമായി പ്രഖ്യാപിക്കുമെന്ന സംസ്ഥാന ബജറ്റിലെ പ്രഖ്യാപനം പ്രാബല്യത്തിൽ വരുത്തുന്നതിനായുള്ള കരട് രേഖ തയാറായിക്കൊണ്ടിരിക്കുകയാണെന്ന് മന്ത്രി പറഞ്ഞു. ഇതു സംബന്ധിച്ച് ടൂറിസം പങ്കാളികളുമായി യോഗം ചേരും.

ഇതിനകം 2360 ബയർ രജിസ്ട്രേഷനുകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 610 അന്താരാഷ്ട്ര ബയർമാരും 1750 ആഭ്യന്തര ബയർമാരും ഉൾപ്പെടുന്നു. ഇത് സർവകാല റിക്കാർഡാണ്. 60 അന്താരാഷ്ട്ര മാധ്യമങ്ങളും 57 ആഭ്യന്തര മാധ്യമങ്ങളും ഉൾപ്പെടെ 117 മാധ്യമ രജിസ്ട്രേഷനുകൾ ഇതിനകം ലഭിച്ചുകഴിഞ്ഞു. കൂടാതെ 366 സെല്ലർമാരും (എക്സിബിറ്റേഴ്സ്), സ്പോൺസർഷിപ്പ്ഗവൺമെൻറ് സ്റ്റാളുകളിലായി 25 പ്രതിനിധികളും മാർട്ടിൽ പങ്കെടുക്കും.

ടൂറിസം സെക്രട്ടറി കെ.ബിജു , ഡയറക്ടർ എം.അഞ്ജന , അഡീഷണൽ ഡയറക്ടർ (ജനറൽ) ശ്രീധന്യ സുരേഷ്, കെടിഎം പ്രസിഡൻറ് ജോസ് പ്രദീപ്, സെക്രട്ടറി എസ്.സ്വാമിനാഥൻ, മുൻ പ്രസിഡൻറുമാരായ ബേബി മാത്യു, ഏബ്രഹാം ജോർജ്, ഇ.എം. നജീബ്, ട്രഷറർ ജിബ്രാൻ ആസിഫ് എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# സുപ്ര പെസഫിക് 500 ശാഖകൾ തുറക്കും

**മുംബൈ:** ബോംബെ സ്റ്റോക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യപ്പെട്ട പ്രമുഖ ബാങ്കിംഗ് ഇതര ധനകാര്യ കമ്പനിയായ സുപ്ര പെസിഫിക് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന് വൻ വികസന പദ്ധതികൾ. അടുത്ത് മൂന്നു വർഷത്തിനകം 15 സംസ്ഥാനങ്ങളിലായി 500 പുതിയ ശാഖകൾ തുറക്കാനും 2,3,4 തട്ടിലുള്ള നഗരങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തനം വ്യാപിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ദീർഘകാല കാലയളവിൽ ആസ്തി അടിത്തറ 2,500 കോടി രൂപയാക്കാനും ലക്ഷ്യമിടുന്നു.

അന്ധേരിയിൽ പുതിയ കോർപറേറ്റ് ഓഫീസിന്റെ ഉദ്ഘാടന വേളയിൽ ഫിനാൻസ് ഇൻഡസ്ട്രി ഡെവലപ്മെന്റ് കൗൺസിൽ ചെയർമാൻ മഹേഷ് താക്കർ, സുപ്ര പെസിഫിക് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ് ചെയർമാൻ മനോജ് രവി എന്നിവരും മുഖ്യ ഓഹരി ഉടമകളും, ഉദ്യോഗസ്ഥരും വ്യവസായ, സാമൂഹ്യ മേഖലകളിലെ പ്രമുഖരും സന്നിഹിതരായിരുന്നു.

കേരളം, തമിഴ്നാട്, ആന്ധ്ര പ്രദേശ്, ഗോവ, മഹാരാഷ്ട്ര, ഗുജറാത്ത്, ദൽഹി, രാജസ്ഥാൻ, ഒഡീഷ, തെലങ്കാന എന്നിവിടങ്ങളിൽ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കാൻ പരിപാടിയുണ്ട്. ആദ്യ ഘട്ടത്തിൽ ഗോവയിൽ 5 പുതിയ ശാഖകൾ തുറക്കും 2025-26 സാമ്പത്തിക വർഷം കമ്പനിയുടെ ആസ്തി 64.39 ശതമാനം വർധിച്ച് 290 കോടി രൂപയിൽ നിന്ന് 499 കോടി രൂപയായി ഉയർന്നു. നടപ്പു സാമ്പത്തിക വർഷം ഇത് 750 കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്.

സ്വർണ്ണ വായ്പ, മൈക്രോ ഫിനാൻസ്, വാഹന വായ്പ, ബിസിനസ് വായ്പകൾ എന്നിവയ്ക്കു പുറമേ വ്യാപാരികൾക്കും എംഎസ്എംഇ കൾക്കും 10 ലക്ഷം മുതൽ ഒരു കോടി രൂപ വരെ വായ്പ നൽകാനും പദ്ധതിയുണ്ട്. പ്രവർത്തന വേഗത വർധിപ്പിക്കുന്നതിന് പുതിയ മൊബൈൽ ആപും ആരംഭിക്കും.

രണ്ട്, മൂന്ന്, നാലു തട്ടുകളിൽ പെടുന്ന നഗരങ്ങൾ തമ്മിലുള്ള വായ്പാ അന്തരം പരിഹരിച്ച് സാധ്യതകളുടെ വൻ വാതായനങ്ങൾ തുറക്കാനാണ് ശ്രമമെന്ന് കമ്പനി സിഇഒ മനോജ് രവി പറഞ്ഞു.

# ഫണ്ട്സ്ഇന്ത്യയുടെ ആദ്യ സെക്യൂർഡ് എൻസിഡി ഇഷ്യു; 44.6 കോടി രൂപ സമാഹരിച്ചു

**ബെംഗളൂരു:** വെൽത്ത് മാനേജ്മെന്റ് പ്ലാറ്റ്ഫോമായ ഫണ്ട്സ് ഇന്ത്യ സ്വകാര്യ പ്ലേസ്മെന്റ് വഴി നടത്തിയ ആദ്യ സെക്യൂർഡ് നോൺകൺവെർട്ടിബിൾ ഡിബഞ്ചർ (എൻസിഡി) ഇഷ്യു വിജയകരമായി പൂർത്തിയാക്കി. ഇതിലൂടെ 44.6 കോടി രൂപ (446 ദശലക്ഷം രൂപ) സമാഹരിച്ചതായി കമ്പനി അറിയിച്ചു.

കമ്പനിയുടെ പ്രൈവറ്റ് വെൽത്ത് വിഭാഗത്തിന്റെ നേതൃത്വത്തിലായിരുന്നു ഇഷ്യുവിന്റെ വിതരണം. സമാഹരിച്ച തുക സാങ്കേതികവിദ്യയും പ്ലാറ്റ്ഫോം ശേഷികളും ശക്തിപ്പെടുത്തുന്നതിനും റീട്ടെയിൽ, പാർട്ണർ, പ്രൈവറ്റ് വെൽത്ത് ബിസിനസുകളിലുടനീളം നിക്ഷേപ ഉൽപ്പന്നങ്ങളുടെ ശ്രേണി വിപുലപ്പെടുത്തുന്നതിനും വിനിയോഗിക്കും.

അക്രഡിറ്റഡ് നിക്ഷേപകരും ഉയർന്ന ആസ്തിയുള്ള (എച്ച്എൻഐ) ഉപഭോക്താക്കളുമാണ് ഇഷ്യുവിൽ പ്രധാനമായും പങ്കെടുത്തത്. ഓഹരികളും മ്യൂചൽ ഫണ്ടുകളും കൂടാതെ ഘടനാപരമായ സ്ഥിരവരുമാന നിക്ഷേപ മാർഗങ്ങളിലേക്കുള്ള താൽപര്യം വർധിച്ചുവരുന്നതിന്റെ പ്രതിഫലനമാണ് ഈ പ്രതികരണമെന്ന് കമ്പനി വ്യക്തമാക്കി.നിക്ഷേപകരുടെ വിശ്വാസത്തിന്റെയും കമ്പനിയുടെ ദീർഘകാല കാഴ്ചപ്പാടിന്റെയും തെളിവാണ് ആദ്യ സെക്യൂർഡ് എൻസിഡി ഇഷ്യുവിന്റെ വിജയമെന്ന് ഫണ്ട്സ്ഇന്ത്യ ഗ്രൂപ്പ് സിഇഒ അക്ഷയ് സപ്രു പറഞ്ഞു.ഉയർന്ന ആസ്തിയുള്ള നിക്ഷേപകർക്കിടയിൽ ഗുണമേന്മയുള്ള സ്ഥിരവരുമാന നിക്ഷേപ അവസരങ്ങളോടുള്ള താൽപര്യം വർധിച്ചുവരുന്നതായും പ്രൈവറ്റ് വെൽത്ത് പ്ലാറ്റ്ഫോമിലൂടെ വ്യത്യസ്ത നിക്ഷേപ പരിഹാരങ്ങൾ ലഭ്യമാക്കുന്നത് തുടരുമെന്നും ഫണ്ട്സ്ഇന്ത്യ പ്രൈവറ്റ് വെൽത്ത് സിഇഒ ശ്രീനിവാസ് മെൻഡു പറഞ്ഞു.

# ആരോഗ്യ ഇൻഷുറൻസ് എടുക്കുന്നത് വേഗത്തിലും സുതാര്യവുമാക്കി സ്റ്റാർ ഹെൽത്തിന്റെ ആറ്റം പ്രോ

**കൊച്ചി:** സ്റ്റാർ ഹെൽത്ത് ആൻഡ് അലൈഡ് ഇൻഷുറൻസ് കമ്പനിയുടെ എഐ അധിഷ്ഠിത ഡിജിറ്റൽ പ്ലാറ്റ്ഫോമായ ആറ്റം പ്രോയിലൂടെ ആരോഗ്യ ഇൻഷുറൻസ് ഇനി കൂടുതൽ വേഗത്തിലും ലളിതമായും സുതാര്യമായും വാങ്ങാം.

ഉപഭോക്താക്കൾക്ക് പോളിസിയുടെ സവിശേഷതകൾ, റൈഡർ ആനുകൂല്യങ്ങൾ, വെയിറ്റിംഗ് പിരീഡുകൾ, പ്രീമിയം നിരക്കുകൾ എന്നിവ വ്യക്തമായി മനസ്സിലാക്കാൻ ആറ്റം പ്രോ സഹായിക്കും. ഇതിലൂടെ ഏത് ഇൻഷുറൻസ് വേണമെന്ന് എളുപ്പത്തിൽ തീരുമാനിക്കാനും വാങ്ങാനും സാധിക്കും.

ചുരുങ്ങിയ കാലയളവിനുള്ളിൽ ആപ്പിന് 1.8 ലക്ഷത്തിലധികം ഡൗൺലോഡുകളാണ് ലഭിച്ചത്. കമ്പനിയുടെ റീട്ടെയിൽ പോളിസികളിൽ 95 ശതമാനത്തിലധികവും ഇപ്പോൾ ആറ്റം പ്രോ വഴി ഡിജിറ്റലായാണ് ബുക്ക് ചെയ്യുന്നത്. 80 ശതമാനം പോളിസികളും അപേക്ഷ നൽകി വെറും അഞ്ച് മിനിറ്റിനുള്ളിൽ തന്നെ അനുവദിക്കുന്നു.




# ഇലക്ട്രിക് വിപ്ലവത്തിൽ ചരിത്രനേട്ടം: പത്ത് ലക്ഷം തികച്ച് ടിവിഎസ് ഐക്യൂബ്

**കൊച്ചി:** ടിവിഎസ് മോട്ടോർ കമ്പനിയുടെ ജനപ്രിയ ഇലക്ട്രിക് സ്കൂട്ടറായ ടിവിഎസ് ഐക്യൂബിന്റെ പത്ത് ലക്ഷം എണ്ണം തികയ്ക്കുന്ന വാഹനം ഹൊസൂരിലെ നിർമാണ പ്ലാന്റിൽ നിന്ന് പുറത്തിറക്കി.

സ്വന്തം നിലയിലുള്ള എഞ്ചിനീയറിംഗ് മികവ്, ഗവേഷണം, നൂതന സാങ്കേതികവിദ്യ എന്നിവയുടെ കരുത്തിലാണ് ടിവിഎസ് ഈ നേട്ടം കൈവരിച്ചത്. രാജ്യത്ത് തന്നെ രൂപകൽപ്പന ചെയ്ത് നിർമ്മിക്കുന്ന ഐക്യൂബ് ആഗോള ഗുണനിലവാരത്തോടെ രാജ്യത്തുടനീളം ഇലക്ട്രിക് വാഹനങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിലും പ്രധാന പങ്കുവഹിക്കുന്നു. 2020ൽ അവതരിപ്പിച്ചതു മുതൽ ഇന്ത്യൻ ഉപഭോക്താക്കളുടെ പ്രിയപ്പെട്ട ഫാമിലി ഇവി ആയി ഐക്യൂബ് മാറി. ഉപഭോക്താക്കളുടെ ആവശ്യാനുസരണം വിവിധ ബാറ്ററി കപ്പാസിറ്റി, റേഞ്ച്, കണക്റ്റഡ് ഫീച്ചറുകൾ എന്നിവയിൽ സ്കൂട്ടർ ലഭ്യമാണ്. നിലവിൽ രാജ്യത്തെ 3,000ലധികം നഗരങ്ങളിലായി 3,300ൽ പരം സെയിൽസ് സർവീസ് കേന്ദ്രങ്ങളുടെ ശക്തമായ ശൃംഖല ടിവിഎസ് ഐക്യൂബിനുണ്ട്.



# ശുദ്ധമായ ശർക്കര ലഭ്യത ഉറപ്പാക്കാൻ കരിമ്പുകൃഷി–ശർക്കര യൂണിറ്റുകൾ വേണം

**കൊച്ചി:** കേരളത്തിൽ ശുദ്ധമായ ശർക്കരയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി സംസ്ഥാനവ്യാപകമായി കരിമ്പുകൃഷിയും ചെറുകിട ശർക്കര ഉൽപാദന യൂണിറ്റുകളും പ്രോത്സാഹിപ്പിക്കണമെന്ന് ആവശ്യപ്പെടുന്ന നയരേഖ സിഎംഎഫ്ആർഐയുടെ കീഴിലുള്ള എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം (കെ.വി.കെ) മുഖ്യമന്ത്രി വിഡി സതീശന് സമർപ്പിച്ചു.

കെ.വി.കെ വിജയകരമായി നടപ്പാക്കിയ ആലങ്ങാട് ശർക്കര പുനരുജ്ജീവന മാതൃക മുൻനിർത്തിയാണ് നയരേഖ തയ്യാറാക്കിയത്. ശാസ്ത്രീയമായി ആസൂത്രണം ചെയ്യുകയാണെങ്കിൽ കരിമ്പുകൃഷിയും അതുമായി ബന്ധിപ്പിച്ച ചെറുകിട സംസ്കരണ യൂണിറ്റുകളും വഴി കർഷകരുടെ വരുമാനം വർധിപ്പിക്കാനും പുതിയ തൊഴിലവസരങ്ങളും സംരംഭങ്ങളും സൃഷ്ടിക്കാനും സാധിക്കുമെന്ന് നയരേഖ ചൂണ്ടിക്കാട്ടുന്നു.

കെവികെ 2022 മുതൽ നടപ്പിലാക്കിവരുന്ന പദ്ധതിയുടെ ഫലമായി, ആലങ്ങാട്ടെ കൃഷിയിടങ്ങളിൽ ഏക്കറിന് ശരാശരി 16 ടൺ കരിമ്പ് ഉൽപാദിപ്പിക്കാൻ കഴിഞ്ഞു. പ്രതിദിനം ഒരു ടൺ കരിമ്പ് സംസ്കരിക്കാൻ ശേഷിയുള്ള യൂണിറ്റിൽ നിന്ന് 10 ശതമാനം ശർക്കര (ആകെ കരിമ്പിന്റെ തൂക്കത്തിന്റെ) ലഭിക്കുന്നുണ്ട്. ഏകദേശം 20 ലക്ഷം രൂപ നിക്ഷേപത്തിൽ ഇത്തരം യൂണിറ്റുകൾ സ്ഥാപിക്കാനാകും.

ചെറുകൃഷിയിടങ്ങളിലായാലും ആകെ 20 ഏക്കറിലായി ഘട്ടംഘട്ടമായി കരിമ്പ് കൃഷി ചെയ്താൽ ഇത്തരം യൂണിറ്റുകൾക്ക് വർഷം മുഴുവൻ പ്രവർത്തിക്കാനാകും. സംസ്ഥാനത്ത് കരിമ്പുകൃഷി വ്യാപിപ്പിക്കുന്നതിനായി പ്രത്യേക മിഷൻ രൂപീകരിക്കണമെന്ന് നയരേഖ ശുപാർശ ചെയ്യുന്നു. കരിമ്പുകൃഷി, ശർക്കര ഉൽപാദനം, മൂല്യവർധിത ഉൽപന്നങ്ങൾ എന്നിവയെ സംയോജിപ്പിച്ച് വിപുലമായ കാർഷിക ടൂറിസം (അഗ്രിടൂറിസം) സാധ്യതകൾ കൂടി തുറന്നിടാൻ ഈ പദ്ധതിയിലൂടെ സാധിക്കുമെന്നും നയരേഖ വിലയിരുത്തുന്നു.

കെവികെ മേധാവി ഡോ ഷിനോജ് സുബ്രഹ്മണ്യൻ നയരേഖ മുഖ്യമന്ത്രിക്ക് കൈമാറി.



കെ.ആർ.ബേക്ക്സ് കൊച്ചി എളമക്കരയിൽ ആരംഭിച്ച പുതിയ വിൽപനശാലയിൽ ബിജു പ്രേംശങ്കർ (ബേക്ക് ജനറൽ സെക്രട്ടറി) കേക്ക് മുറിക്കുന്നു. പി.എം.ശങ്കരൻ, കെ.ആർ.ബാലൻ, ബീനാ മഹേഷ്, പ്രിൻസ് സുരേന്ദ്രൻ, എൻ.പി.ഷിജു, എ.പ്രിൻസ്, എ.ദീപക്, റെനീഷ് ബാബു തുടങ്ങിയവർ സമീപം

# കെ.ആർ.ബേക്ക്സ് കൊച്ചിയിൽ പുതിയ വിൽപന ശാല ആരംഭിച്ചു

**കൊച്ചി:** പ്രമുഖ ബേക്കറി,റസ്റ്റോറന്റ് ശൃഖലയായ കെ.ആർ.ബേക്ക്സ് എറണാകുളം എളമക്കര പുന്നയ്ക്കൽ കെ.വി.ജി.ആർക്കേഡിൽ പുതിയ വിൽപനശാല തുറന്നു.

കൊച്ചി കോർപ്പറേഷൻ വാർഡ് കൗൺസിലർ ബീനാ മഹേഷ് ഉദ്ഘാടനം നിർവ്വഹിച്ചു. ആദ്യ വിൽപന ഐ.സി.ഐ.സി എളമക്കര ശാഖ മാനേജർ പ്രിൻസ് സുരേന്ദ്രൻ നടത്തി. വാങ്ങൽ കെ.വി.ജി ആർക്കേഡ് ഉടമ അഡ്വ.കെ.വി.ഗോപിനാഥൻ നായർ നടത്തി. ബേക്ക് സംഘടനയുടെ സ്ഥാപക പ്രസിഡന്റ് പി.എം.ശങ്കരൻ, ബേക്ക് ജനറൽ സെക്രട്ടറി ബിജു പ്രേംശങ്കർ, കെ.ആർ.ഗ്രൂപ്പ് ചെയർമാൻ കെ.ആർ.ബാലൻ, ഡയറക്ടർമാരായ എ.പ്രിൻസ്, എ.ദീപക്, ജനറൽ മാനേജർ റെനീഷ് ബാബു, എൻ.പി.ഷിജു തുടങ്ങിയവർ പ്രസംഗിച്ചു.

## ഹരിത ഊർജ്ജ രംഗത്ത് വൻ നേട്ടം

# 50 ജിഗാവാട്ട് സൗരോർജ്ജ ശേഷി പിന്നിട്ട് ലോറിറ്റ്സ് നഡ്സൺ

**കൊച്ചി:** ലോറിറ്റ്സ് നഡ്സൺ ഇലക്ട്രിക്കൽ ആൻഡ് ഓട്ടോമേഷൻ കമ്പനി ഇന്ത്യയിലും വിവിധ ആഗോള വിപണികളിലുമായി 50 ജിഗാവാട്ടിലധികം സൗരോർജ്ജ ശേഷിക്ക് തങ്ങളുടെ ഇലക്ട്രിക്കൽ, ഡിജിറ്റൽ സാങ്കേതികവിദ്യകളിലൂടെ കരുത്തുപകർന്നതായി പ്രഖ്യാപിച്ചു. ഏഴ് പതിറ്റാണ്ടിലധികം പ്രവർത്തന പാരമ്പര്യമുള്ള കമ്പനിയുടെ ഈ നേട്ടം രാജ്യത്തെ ഹരിത ഊർജ്ജ മേഖലയിലെ വലിയൊരു നാഴികക്കല്ലാണ്.




സൗരോർജ്ജ ഉൽപ്പാദനത്തിനപ്പുറം സാധാരണക്കാരായ ജനങ്ങളിലേക്ക് ശുദ്ധമായ ഊർജ്ജം എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് കമ്പനി പ്രവർത്തിക്കുന്നത്. വലിയ സോളാർ പാർക്കുകൾക്ക് പുറമെ, പിഎംകുസും പദ്ധതിയിലൂടെ കർഷകരുടെ ജലസേചന പമ്പുകൾ സോളാറിലേക്ക് മാറ്റാനും പിഎം സൂര്യ ഘർ പദ്ധതിയിലൂടെ സാധാരണ വീടുകളിൽ സൗരോർജ്ജം എത്തിക്കാനും കമ്പനിയുടെ സാങ്കേതികവിദ്യകൾ വലിയ പങ്കുവഹിക്കുന്നുണ്ട്.

നിലവിൽ ഇന്ത്യയിലെ ആകെ പുനരുപയോഗ ഊർജ്ജ ശേഷിയുടെ 55 ശതമാനവും സൗരോർജ്ജമാണ്. രാജ്യത്തെ ആകെ സൗരോർജ്ജ ഉൽപ്പാദനം ഇപ്പോൾ 154 ജിഗാവാട്ട് പിന്നിട്ടിരിക്കുകയാണ്. ഊർജ്ജ അടിസ്ഥാന സൗകര്യ വികസന രംഗത്ത് 70 വർഷത്തെ പരിചയസമ്പത്തുള്ള ലോറിറ്റ്സ് നഡ്സൺ ഇതുവരെ 2,350ലധികം സോളാർ പദ്ധതികൾക്കാണ് സാങ്കേതിക പിന്തുണ നൽകിയിട്ടുള്ളത്. ഈ മേഖലയിലെ വളർച്ചയ്ക്കായി 350ലധികം ഇപിസി പങ്കാളികൾ, 300ലധികം ഡെവലപ്പർമാർ എന്നിവരുമായും കമ്പനി സഹകരിക്കുന്നുണ്ട്. കൂടാതെ തദ്ദേശീയമായി ഈ രംഗം ശക്തിപ്പെടുത്താൻ 300ലധികം സിസ്റ്റം ഇൻറഗ്രേറ്റർമാർക്ക് കമ്പനി പ്രത്യേക പരിശീലനവും നൽകിയിട്ടുണ്ട്.

യുടിലിറ്റി സ്കെയിൽ പവർ പ്ലാന്റുകൾ, കൊമേഴ്സ്യൽ & ഇൻഡസ്ട്രീസ്, റെസിഡൻഷ്യൽ എന്നീ മൂന്ന് മേഖലകളിലാണ് ലോറിറ്റ്സ് നഡ്സൺ പ്രധാനമായും പ്രവർത്തിക്കുന്നത്. സോളാർ പ്ലാൻറുകളുടെ സുരക്ഷയും കാര്യക്ഷമതയും ഉറപ്പാക്കാൻ സഹായിക്കുന്ന അഡ്വാൻസ്ഡ് എസി സൊല്യൂഷനുകൾ, ഡിസി സ്വിച്ച്ഗിയറുകൾ, സ്മാർട്ട് മീറ്ററിംഗ്, ക്ലൗഡ് അധിഷ്ഠിത റിമോട്ട് മോണിറ്ററിംഗ് സൊല്യൂഷനുകൾ എന്നിവയും കമ്പനി നൽകുന്നുണ്ട്. 2025 മുതൽ 2026 വരെയുള്ള സാമ്പത്തിക വർഷത്തിൽ ഇന്ത്യയിലെ ആഭ്യന്തര സോളാർ ഉൽപ്പാദന മേഖല വലിയ വളർച്ചയാണ് കൈവരിച്ചത്. ഇതിന് അനുസൃതമായി നിർമ്മാണ ശാലകൾക്ക് ആവശ്യമായ അത്യാധുനിക ഇലക്ട്രിക്കൽ സംവിധാനങ്ങൾ ഒരുക്കുന്നതിലും കമ്പനി മുന്നിൽ നിന്നു.

നിലവിൽ മുപ്പതിലധികം രാജ്യങ്ങളിലേക്ക് ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന കമ്പനിക്ക് ഇന്ത്യയിൽ ആഗോള നിലവാരത്തിലുള്ള നിരവധി നിർമ്മാണ പ്ലാൻറുകളുമുണ്ട്.

# ഗൾഫിലേക്ക് നിരവധി തൊഴിൽ അവസരവുമായി ലുലു ഗ്രൂപ്പ്; വാക്ക് ഇൻ ഇന്റർവ്യു മൂന്ന് ജില്ലകളിലായി

**കൊച്ചി:** മിഡിൽ ഈസ്റ്റിലേക്ക് നിരവധി തൊഴിൽ അവസരമൊരുക്കി ലുലുഗ്രൂപ്പ്. കാഷ്യർ, സെയിൽസ്മാൻ, ബുച്ചർ, ഫിഷ് മോംഗർ കുക്ക്, സെക്യൂരിറ്റി, ഇലക്ട്രീഷ്യൻ, ബേക്കേഴ്സ്, മലബാർ സ്നാക്ക് മേക്കർ, വാൻ സെയിൽസ്മാൻ, ഹെവി, ലൈറ്റ് വെഹിക്കിൾ ഡ്രൈവർ തസ്തികകളിലേക്ക് പുരുഷ ഉദ്യോഗാർത്ഥികളെയാണ് ക്ഷണിക്കുന്നത്. കേരളത്തിലെ മൂന്ന് പ്രധാന കേന്ദ്രങ്ങളിലാണ് നേരിട്ടുള്ള അഭിമുഖം നടക്കുക. അപേക്ഷകർ വിശദമായ ബയോഡേറ്റയ്ക്കൊപ്പം പാസ്പോർട്ടിന്റെ കളർകോപ്പി, വിദ്യഭ്യാസ സർട്ടിഫിക്കറ്റിന്റെ അസൽ കോപ്പിയും പകർപ്പും, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ കരുതണം.

### സെയിൽസ്മാൻ/ കാഷ്യർ തസ്തിക

പ്ലസ് ടു യോഗ്യതയുള്ള 20നും 28നും ഇടയിൽ പ്രായമുള്ളവർക്ക് സെയിൽസ്മാൻ, കാഷ്യർ തസ്തികയിലേക്ക് അപേക്ഷിക്കാം. ഗാർമെന്റ്, സാരി, ഫുട് വെയർ, ഇലക്ട്രോണിക്സ്, ഹൗസ്ഹോൾഡ്, സൂപ്പർമാർക്കറ്റ് മേഖലയിൽ പരിചയസമ്പന്നരായവർക്ക് മുൻഗണന.

### ഹെവി, ലൈറ്റ് ഡ്രൈവർ

യു.എ.ഇ അല്ലെങ്കിൽ കെ.എസ്.എയിലെ വാലിഡായ ഡ്രൈവിങ്ങ് ലൈസൻസുള്ളവർക്ക് അപേക്ഷിക്കാം

### ആലപ്പുഴ

വി.സി.എസ്.ബി റോഡിലുള്ള കല്യാണി ഓഡിറ്റോറിയത്തിൽ ഈ മാസം 30 ന് ചൊവ്വാഴ്ച രാവിലെ 9 മുതൽ വൈകിട്ട് 3 വരെ നടക്കുന്ന നേരിട്ടുള്ള അഭിമുഖത്തിൽ പങ്കാളിയാകാം.

### കോട്ടക്കൽ

പീയം ഓഡിറ്റോറിയത്തിൽ അടുത്ത മാസം രണ്ടിന് രാവിലെ 9 മുതൽ വൈകിട്ട് 3 വരെ നടക്കുന്ന നേരിട്ടുള്ള അഭിമുഖത്തിൽ ഉദ്യോഗാർത്ഥികൾക്ക് പങ്കെടുക്കാം.


### കണ്ണൂർ

കണ്ണൂർ ജില്ലയിൽ ലുലു ഗ്രൂപ്പ് സംഘടിപ്പിക്കുന്ന വാക്ക് ഇൻ ഇന്റർവ്യു താനാ ദിനേശ് ഓഡിറ്റോറിയത്തിൽ അടുത്ത മാസം നാലിന് രാവിലെ 9 മണി മുതൽ വൈകിട്ട് 3 മണി വരെ നടക്കും. കൂടുതൽ വിവരങ്ങൾക്കായി +91 7594054655, +91 7593812223, +91 7593812225, എന്നീ നമ്പരുകളിൽ ബന്ധപ്പെടാം.

# ലുലു ഫാഷൻ സ്റ്റോറിൽ എൻഡ് ഓഫ് സീസൺ സെയിലിന് തുടക്കം; 50 ശതമാനം വരെ വിലക്കുറവിൽ വിൽപ്പന

**കൊച്ചി:** 50 ശതമാനം വരെ വിലക്കുറവുമായി ലുലു ഫാഷൻ സ്റ്റോറിൽ എൻഡ് ഓഫ് സീസൺ സെയിലിന് തുടക്കമായി. ഓഫർ വിൽപ്പന ജൂലൈ 19 വരെ നീണ്ട് നിൽക്കും. ലേഡീസ്, ജെൻസ്, കിഡ്സ് തുടങ്ങി വിവിധ വിഭാഗത്തിലുള്ള ഫാഷൻ തുണിത്തരങ്ങൾ വിലക്കുറവിൽ വാങ്ങാൻ സാധിക്കും. ഏറ്റവും മികച്ച സമ്മർ, സ്പ്രിങ്ങ്, മൺസൂൺ കളക്ഷനുകളുമായിട്ടാണ് ലുലു ഫാഷൻ സ്റ്റോർ എൻഡ് ഓഫ് സീസൺ സെയിലിനെ വരവേൽക്കുന്നത്. വസ്ത്രങ്ങൾക്കൊപ്പം തന്നെ വിവിധ ബ്രാൻഡുകളുടെ ലഗേജുകൾ, ഫുട് വെയറുകൾ, ടോയിസുകൾ എന്നിവ എൻഡ് ഓഫ് സീസൺ സെയിലിന്റെ ഭാഗമാണ്. ലോകോത്തര ബ്രാൻഡുകളും വിൽപ്പനയുടെ ഭാഗമാകും.

# സംഘാടക സമിതി ഓഫിസ് തുറന്നു



**കൊച്ചി:** യോനക്സ് സൺറൈസ് ആൾ ഇന്ത്യ സീനിയർ റാങ്കിംഗ് ബാഡ്മിന്റൺ ടൂർണമെന്റിന്റെ സംഘാടക സമിതി ഓഫിസ് കൊച്ചി മേയർ മിനി മോൾ ഉദ്ഘാടനം ചെയ്തു. ജൂലായ് 7 മുതൽ 14 വരെ രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിലാണ് ടൂർണമെന്റ്.

സംഘാടക സമിതി ഓഫിസ് ഉദ്ഘാടന ചടങ്ങിൽ കെ ബി എസ് എ പ്രസിഡന്റ് ചിത്തരേഷ് നായർ, സെക്രട്ടറി മുഹമ്മദ് താരീഖ്, ജോയിന്റ് സെക്രട്ടറി വിനോദ്, വൈസ് പ്രസിഡന്റ് ജോസ് റീജ്യണൽ സ്പോർട്സ് സെന്റർ സെക്രട്ടറി എസ് എ എസ് നവാസ്, കെ ബി എസ് എ എക്സിക്യൂട്ടീവ് അംഗം ഷാജി എന്നിവർ പങ്കെടുത്തു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com